കെ. ആർ. ഡബ്ല്യു. എസ്. എ. വഴി നടപ്പാക്കുന്ന ജലനിധി പദ്ധതി 2006 വരെയുള്ള കാലഘട്ടത്തിൽ ഏകദേശം 100 പഞ്ചായത്തുകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) സ്വജൽധാര പദ്ധതിക്കുവേണ്ടി സംസ്ഥാനത്തെ 991 ഗ്രാമ പഞ്ചായത്തുകളിൽ 843 പഞ്ചായത്തുകളും അപേക്ഷ സമർപ്പിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം സ്വജൽധാരാ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ മാത്രം നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ നഗരസഭയ്ക്ക് പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയില്ല.

ഘട്ടം ഘട്ടമായി നടപ്പാക്കുന്ന ജലനിധി പദ്ധതി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ടത്തിൽ അഞ്ചു പഞ്ചായത്തുകളിൽ നടപ്പാക്കി. രണ്ടാം ഘട്ടത്തിൽ 25 പഞ്ചായത്തുകളിലും മൂന്നാംഘട്ടത്തിൽ 31 പഞ്ചായത്തുകളിലും നടപ്പാക്കുന്നു. നഗരങ്ങളിൽ പദ്ധതി നടപ്പാക്കുന്നില്ല.

(സി) തടസ്സമില്ല.

ലോക ബാങ്ക് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

78 (970) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്ക് സഹായത്തോടെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ലോകബാങ്കിന്റെ വായ്പാ ധനസഹായം എത്രയാണ് ;

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പല വിധത്തിലും പദ്ധതി പണം പാഴായി പോകുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ പരാതി അന്വേഷിച്ച് അവ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2000 ജനുവരിയിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 4-1-2001-ൽ ലോക ബാങ്കുമായി കരാർ ഒപ്പിടുകയും ചെയ്തു.

(ബി) ലോകബാങ്കിൽ നിന്നും 328.70 കോടി രൂപ വായ്പയായി ലഭിക്കുന്നതാണ്.

(സി) 34.00 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

ജപ്പാൻ സഹായത്തോടെ കേരളത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

79 (971) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹകരണത്തോടെ കേരളത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി ആരംഭിക്കുന്നത് ; ഈ പദ്ധതികളിലൂടെ കുടിവെള്ള വിതരണം എന്നു മുതൽ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതികളുടെ മൊത്തം എസ്റ്റിമേറ്റ് സംഖ്യ എത്ര ; ഇതിൽ ജപ്പാൻ ബാങ്ക് നൽകുന്ന സഹായമെത്ര ;

(ഡി) ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഒപ്പുവെച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കൺസൾട്ടൻസിയെ ഏത് മാനദണ്ഡമനുസരിച്ചാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റും ജെ. ബി. ഐ. സി. യുമായി 25-2-1997-ൽ ഒപ്പു വച്ച കരാർ പ്രകാരം 5 പദ്ധതികളാണ് കേരള വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ നടപ്പിലാക്കുന്നത്. ഈ അഞ്ച് പദ്ധതികളും സമാന്തരമായിട്ടാണ് നടപ്പിലാക്കുക. കരാർ വ്യവസ്ഥ അനുസരിച്ച് പദ്ധതിയുടെ നിർവ്വഹണത്തിന് അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടൻസി നിയമനത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്.

(ബി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ താഴെ പറയുന്ന 5 പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly